"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം

നമ്പർ:ഇ7/10915/17 തീയതി: 11 /04/2017

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് -2017-18 മൈനർ വർക്സ് നോൺ പ്ലാൻ ശീർഷകത്തിൽ കെട്ടിട നവീകരണ പ്രവർത്തികൾക്ക് അനുമതി നൽകുന്നത് -സംബന്ധിച്ച്.

*********

2017-18 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ശീർഷകത്തിലെ ഘടക ശീർഷകമായ 'മൈനർ വർക്സ്' ശീർഷകത്തിൽ 2.7 കോടി രൂപയ്ക്ക് വിവിധ ഐ.ടി.ഐകളിലെ കെട്ടിടം/ക്ലാസ്റൂം/വർക്ഷോപ്പ് നവീകരണം എന്നിവയ്ക്കായി ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഓരോ മെയിന്റ നൻസ് വർക്കുകൾക്കും പരമാവധി 5 ലക്ഷം രൂപ വരെ ട്രെയിനിംഗ് ഡയറക്ടർക്ക് അനുവദിക്കുവാൻ കഴിയും. ആയതിനാൽ താങ്കളുടെ സ്ഥാപനത്തിൽ ഒഴിച്ചു കൂടാൻ കഴിയാത്ത മേൽപ്പറഞ്ഞ ഏതെങ്കിലും വർക്കുകൾ ചെയ്തു തീർക്കുവാൻ ഉണ്ടെങ്കിൽ സ.ഉ(പി) നമ്പർ 339/2015/ഫിൻ തീയതി 07/08/15, സ.ഉ (പി) നം. 453/2015/ഫിൻ. തീയതി: 9.10.2015 എന്നീ ഉത്തരവുകൾ പ്രകാരം നിയമസാധുതയുള്ള ഏജൻസികളിൽ എത്രയും വേഗം ജോലികൾ പൂർത്തീകരി ക്കുമെന്നുറപ്പുള്ള സ്ഥാപനങ്ങളിൽ നിന്നും ഏറ്റവും പുതിയ നിരക്കിലുള്ള എസ്റ്റിമേറ്റ് വാങ്ങി അയച്ചു തരേണ്ടതാണ്. 5 ലക്ഷം രൂപയിൽ കൂടുതൽ ആവശ്യമുള്ള ശിപാർശകൾക്ക് സർക്കാർ അനുമതി ആവശ്യമാണ്. ചെറുതും പുതിയതുമായ വർക്കുകൾ ഡയറ ക്ടർ പരിശോധിച്ച് അനുമതി നൽകുന്നു.

ടി എസ്റ്റിമേറ്റ് അയച്ചു തരുന്ന അവസരത്തിൽ താങ്കളുടെ സ്ഥാപനത്തിൽ സിവിൽ വർക്സ്/മൈനർ വർക്സ്/ മോഡണൈസേഷൻ എന്നീ ശീർഷകത്തിൽ തുക അനുവദിച്ചിരുന്നത് പ്രകാരമുള്ള ജോലികൾ പൂർണ്ണമായും ബന്ധപ്പെട്ട ഏജൻസി ചെയ്തു തീർത്തതിന്റെ 'കംപ്ലീഷൻ സർട്ടിഫിക്കറ്റ്' ഉൾപ്പടെ മാതൃക ഫോറത്തിൽ (പ്രൊഫോർമ 1) ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയാൽ മാത്രമേ പുതിയ നിർമ്മാണ പ്രവൃത്തികൾക്കായി വീണ്ടും ബന്ധപ്പെട്ട ഏജൻസികൾക്ക് തുക അനുവദിക്കുകയുള്ളൂ.

നിലവിൽ വിവിധ നിർമ്മാണ ഏജൻസികൾ നിരക്കുകൾ പുതുക്കിയിട്ടുള്ളതിനാൽ നേരത്തെ അയച്ചു തന്നിട്ടുള്ള ശുപാർശകൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. ആയതിനാൽ ടി സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്നതു പ്രകാരം ഏറ്റവും പുതിയ നിരക്കിലുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട ഏജൻസിയിൽ നിന്നും ശേഖരിക്കേണ്ടതും, **നിർമ്മാണ പ്രവൃത്തിയുടെ സ്വഭാവവും (ആവശ്യമെങ്കിൽ ട്രേഡിന്റെ പേര് ഉൾപ്പടെ) തുകയും വ്യക്തമായി ആമുഖ കത്തിൽ രേഖപ്പെടുത്തി** ചോദ്യാവലി പൂരിപ്പിച്ച് (അനുബന്ധം. 3) നിശ്ചിത

ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടെ മുൻഗണന **നിശ്ചയിക്കുന്നതിനായി 30/04/17 ന് മുൻപ്** അയച്ച് തരേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാകാത്ത ശുപാർശകൾ ആദ്യഘട്ടത്തിൽ പരിഗണിക്കുന്നതല്ല.

താങ്കളുടെ സ്ഥാപനത്തിൽ നിലവിൽ സ്വന്തമായി സ്ഥലം ലഭ്യമാണെങ്കിൽ ആയതിന്റെ വിശദ വിവരവും ഇല്ലായെങ്കിൽ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് നിലവിലെ അവസ്ഥയും ഇതോടൊപ്പം ചേർത്തിട്ടുള്ള ഫോറത്തിൽ (പ്രൊഫോർമ.2) ലഭ്യമാക്കേണ്ടതാണ്.

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

ഉൾച്ചേർപ്പ്: മേൽ സൂചിപ്പിച്ചവ

**സ്വീകർത്താവ്:**

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും/ട്രെയിനിംഗ് ഓഫീസർ,
ആർ.ഐ.സെന്റർ/പ്രിൻസിപ്പാൾ, ബി.റ്റി.സി, കൊല്ലം
(ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം)

ഡി.01.04.17

## പ്രൊഫോർമ 1

## ഇനിയും പൂർത്തിയാകാനുള്ള പ്രവൃത്തികളുടെ വിവരം

ഐ.ടി.ഐയുടെ പേര്

| ക്രമ നം | പ്രവൃത്തി യുടെ പേര് | തുക അനു വദിച്ച വർഷം | ശീർഷകം | അനുവദിച്ച ഉത്തരവ് നം. തീയതി | നിർമ്മാണ ഏജൻസി യുടെ പേര് | തുക ഒടുക്കിയ തീയതി/ചെലാൻ നം. | ജോലി എന്ന് പൂർത്തി യാക്കി നൽകാമെ ന്നാണ് കരാ റിൽ രേഖപ്പെ ടുത്തിയിരു ന്നത് | ജോലി പൂർത്തിയാ ക്കിയോ- ഇല്ലെ ങ്കിൽ ഏതുവരെ യായി (% കൂടി കാണുക) | യൂട്ടിലൈസേ ഷൻ സർട്ടി ഫിക്കറ്റ് ലഭി ച്ചിട്ടുണ്ടെ ങ്കിൽ ആയ തിന്റെ പകർപ്പ് | വർക്ക് പൂർത്തിയാക്കിയിട്ടില്ലാ യെങ്കിൽ തുക ഡെപ്പോസിറ്റ് ചെയ്തതിന് ശേഷം വർക്ക് പൂർത്തിയാക്കുവാൻ ഓരോ മാസവും സ്വീകരിച്ച നടപടിക ളുടെ/കത്തുകളുടെ വിശദ വിവരവും കാലതാമസത്തിന്റെ യഥാർത്ഥ കാരണവും പരി ഹാര നിർദ്ദശവും | മറ്റ് വിവരങ്ങ. |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| | | | | | | | | | | | |

R'D

<u>പ്രോഫോർമ 2</u>

| ക്രമ നം. | ഐ.ടി.ഐയുടെ പേര് | വകുപ്പിന്റെ പേരിലുള്ള ആകെ സ്ഥലം (ഏക്കർ) | സ്ഥലം ലഭ്യമല്ലായെങ്കിൽ സ്ഥലം ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടിയുടെ വിശദ വിവരം | മറ്റ് വിശദ വിവരങ്ങൾ |
|---|---|---|---|---|
| | | | | |

Rv'D

*അനുബന്ധം-3*

ഐ.ടി.ഐയുടെ പേര്:

പ്രവൃത്തിയുടെ സ്വഭാവം:

## ചോദ്യാവലി

1. 2017-18 ലേക്ക് ഐ.ടി.ഐകളിൽ നിന്നും നൽകിയ ബജറ്റ് ശുപാർശകളിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നോ :
2. ഐ.ടി.ഐകളുടെ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ :
3. മാസ്റ്റർ പ്ലാനിൽ ടി പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ടോ :
4. നിർവഹണ ഏജൻസി :
5. ടി ഏജൻസിയെ തെരഞ്ഞെടുക്കാൻ കാരണം :
6. മറ്റെന്തെങ്കിലും വിവരം നൽകാനുണ്ടെങ്കിൽ അത് :

തീയതി:

പ്രിൻസിപ്പാളിന്റെ പേരും ഒപ്പും

ആർ.ഇ.5.4.17